**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2702 **09.03.2017**-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ ഭവന നിർമ്മാണം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി നൽകിവരുന്ന ധനസഹായം 3 ലക്ഷം രൂപയായി മുൻ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ; | (എ) | പട്ടികജാതിക്കാർക്കുള്ള ഭവനനിർമ്മാണ ധനസഹായം 3,00,000/- രൂപയായും പട്ടികവർഗ്ഗക്കാർക്കുള്ള ഭവനനിർമ്മാണ ധനസഹായം 3,50,000/- രൂപയായും മുൻസർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിരുന്നു. |
| (ബി) | പ്രസ്തുത വർദ്ധനവ് ഐ.എ.വൈ (ഇന്ദിരാ ആവാസ് യോജന) ഗുണഭോക്താക്കൾക്കും ബാധകമാക്കിയിരുന്നോ; വ്യക്തമാക്കുമോ; | (ബി) യും (സി) യും | ബാധകമാക്കിയിരുന്നു. പട്ടികജാതിക്കാർക്ക് ഐ.എ.വൈ പദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണ ധനസഹായത്തുക 2,00,000/- രൂപയിൽനിന്നും 3,00,000/-രൂപയായി വർദ്ധിപ്പിക്കുകയും വർദ്ധിപ്പിച്ച 1,00,000/- രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിക്കണമെന്നും, സർക്കാർ ഉത്തരവ് 2174/2015/LSGD dated 17.07.2015 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് നിർദ്ദേശിച്ചിരുന്നു. എങ്കിലും 2015-16 സാമ്പത്തിക വർഷം അവസാനിക്കുംവരെയും യാതൊരു തുകയും പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഈ ഇനത്തിൽ പട്ടികജാതി വികസന വകുപ്പ് 204.31/- കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 43.95 കോടി രൂപയും നൽകാനുണ്ടായിരുന്നു. |
| (സി) | ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയായിരുന്നു; നിലവിൽ കുടിശ്ശിക ഉണ്ടോ; വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| | | | ഈ തുക തദ്ദേശസ്വയംഭരണ വകുപ്പിന്റെ എസ്.സി/എസ്.റ്റി ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന് സർക്കാർ ഉത്തരവ് നമ്പർ 2580/2016/LSGD dated 7.10.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ് |
| (ഡി) | ഏറനാട് മണ്ഡലത്തിൽ 2011-17 വർഷത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; | (ഡി) | പട്ടികജാതി കുടുംബങ്ങളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. 150 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ടി കാലയളവിൽ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) | കുടിശ്ശിക തുക പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും അനുവദിച്ച് വീടുകളുടെ പണി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അധികമായി അനുവദിക്കേണ്ട തുക ജില്ല, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. (7.10.2016-ലെ സ.ഉ (സാധാ)2580/2016/തസ്വഭവ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പട്ടികജാതി വികസന വകുപ്പിൽ നിന്നും തുക അനുവദിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ